©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

അസാധാരണം

## PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 5th March 2010<br>2010 മാർച്ച് 5<br>14th Phalguna 1931<br>1931 ഫാൽഗുനം 14 | No.<br>നമ്പർ | 507 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 25/2010/LBR. *Dated, Thiruvananthapuram, 24th February, 2010.*

**S. R. O. No. 218/2010.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G. O. (Ms.) No. 83/2002/LBR dated 13th December, 2002 and published as S.R.O. No. 7/2003 in the Kerala Gazette Extraordinary No. 13 dated the 3rd January, 2003, the Government of Kerala after considering the objections and suggestions received on the draft proposal published as Notification No. 33061/E1/2008/LBR dated 31st January, 2009 in the Kerala Gazette Extraordinary No. 322 dated 9th February, 2009 as required under clause (b) of sub-section (1) of section 5 of the Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in Rice Mills, Flour Mills and Dhal Mills in the State of Kerala, as specified in the schedule hereto annexed and fix 1st day of December, 2009, as the date on which the rates shall come into force.

SCHEDULE

TIME RATE

**Minimum Basic Wages**

| *Sl. No.* | *Category* | *Daily wages (for 8 hours of work) (Rs.)* | *Monthly wages (Rs.)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | **Skilled** | | |
| | Driver (Mill) | 181 | 4706 |
| 2 | **Semiskilled** | | |
| | Huller man (Semiskilled) | 174 | 4524 |
| 3 | **Unskilled** | | |
| | Yard Workers and Attenders in the Boiling and Milling sections | 167 | 4342 |

*Service Weightage.*—The employees who have completed not less than three years continuous service in an establishment or under an employer, as on the date of commencement of this notification, shall be paid service weightage at the rate of half percentage of the revised basic pay for every completed year of service, subject to a maximum of ten percentage, included in their basic pay.

*Dearness Allowance.*—In addition to the basic wages, the employees shall be eligible for Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the concerned District Headquarters by the Department of Economics and Statistics, Government of Kerala.

For Wayanad and Idukki District Headquarters, Dearness Allowance shall be paid on the basis of the Consumer Price Index Numbers published for Meppadi and Munnar Centres respectively.

(1) The daily rated employees and the piece rated workers shall be eligible for the variable Dearness Allowance at the rate of 85 paise (eighty-five) or the increase of every one point above 130 points in the new series, i.e. 1998-99 = 100.

(2) The monthly rated employees shall be eligible for the Variable Dearness Allowance at the rate of Rs. 22.10 (Rupees twenty-two and ten paise) for the increase of every one point above 130 points in the new series.

The daily rate in respect of the category of employees for whom monthly rate is fixed in this notification may be calculated by dividing the monthly rate by 26 and the monthly rate in respect of those for whom daily rate is fixed may be calculated by multiplying the daily rate by 26.

In case the employees of any Establishment/Industry are at present getting higher wages than the revised minimum wages, fixed as per this notification, they shall be entitled to get the benefits at such higher rates continuously.

By order of the Governor,

C. K. Viswanathan,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had earlier revised the minimum rates of wages payable to the employees employed in Rice Mills, Flour Mills and Dhal Mills in the State vide G. O. (Ms.) No. 83/2002/LBR dated 13th December, 2002 and published as S.R.O. No. 7/2003 in the Kerala Gazette Extraordinary No. 13 dated 3rd January, 2003. Government have now decided to revise the existing Minimum rates of wages in the said sector after inviting objections and suggestions and in consultation with the Minimum Wages Advisory Board constituted for the purpose.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (കൈ) നമ്പർ 25/2010/തൊഴിൽ *തിരുവനന്തപുരം, 2010 ഫെബ്രുവരി 24.*

**എസ്. ആർ. ഒ. നമ്പർ 218/2010.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും അതിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, കേരള സർക്കാർ, 2003 ജനുവരി 3-ാം തീയതിയിലെ 13-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 7/2003 ആയി പ്രസിദ്ധീകരിച്ച 2002 ഡിസംബർ 13-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 63/2002/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ആവശ്യപ്പെടുന്ന പ്രകാരവും 2009 ഫെബ്രുവരി 9-ാം തീയതിയിലെ 322-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 ജനുവരി 31-ാം തീയതിയിലെ 33061/ഇ1/2008/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചുകൊണ്ടും, കേരള സംസ്ഥാനത്തെ റൈസ് മില്ലുകൾ, ഫ്ളോർ മില്ലുകൾ, ദാൽ മില്ലുകൾ എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പരിഷ്ക്കരിക്കുകയും, 2009 ഡിസംബർ 1-ാം തീയതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

## സമയനിരക്ക്

**ഏറ്റവും കുറഞ്ഞ അടിസ്ഥാനവേതനം**

| ക്രമ നമ്പർ | വിഭാഗം | ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) | പ്രതിമാസ വേതനം (രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വിദഗ്ദ്ധ തൊഴിലാളി | | |
| | ഡ്രൈവർ (മിൽ) | 181 | 4706 |
| 2 | അർദ്ധവിദഗ്ദ്ധ തൊഴിലാളി | | |
| | ഹള്ളർ മാൻ (സെമിസ്കിൽഡ്) | 174 | 4524 |
| 3 | അവിദഗ്ദ്ധ തൊഴിലാളി | | |
| | ബോയിലിംഗും മില്ലിംഗും സെക്ഷനുകളിലെ യാർഡ് വർക്കർമാരും അറ്റൻഡർമാരും | 167 | 4342 |

<u>സർവ്വീസ് വെയിറ്റേജ്</u>— ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ 3 വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെയും സേവനത്തിന് അവരുടെ പുതുക്കിയ അടിസ്ഥാനവേതനത്തിന്റെ അരശതമാനം നിരക്കിൽ പരമാവധി പത്ത് ശതമാനത്തിന് വിധേയമായി, അവരുടെ അടിസ്ഥാനശമ്പളത്തിൽ ഉൾപ്പെടുത്തി, സർവ്വീസ് വെയിറ്റേജ് ആയി നൽകേണ്ടതാണ്.

<u>ക്ഷാമബത്ത</u>— അടിസ്ഥാനവേതനത്തിനു പുറമെ, കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധപ്പെടുത്തുന്ന ലഭ്യമായ ഏറ്റവും പുതിയ ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയ ക്ഷാമബത്തയ്ക്ക് തൊഴിലാളികൾ അർഹരാണ്.

വയനാട്, ഇടുക്കി ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി, യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കി ക്ഷാമബത്ത നൽകേണ്ടതാണ്.

(1) ദിവസവേതനക്കാരായ തൊഴിലാളികൾക്കും പീസ് റേറ്റ് വേതനക്കാരായ ജോലിക്കാർക്കും 1998-99 = 100 എന്ന പുതിയ ഉപഭോക്തൃവില സൂചികയിലെ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 85 (എൺപത്തിയഞ്ച്) പൈസ നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മാസശമ്പളക്കാരായ തൊഴിലാളികൾക്ക് പുതിയ ഉപഭോക്തൃ വിലസൂചികയുടെ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 22 രൂപ 10 പൈസ (ഇരുപത്തിരണ്ടുരൂപ പത്തുപൈസ) നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഈ വിജ്ഞാപനത്തിൽ, മാസനിരക്ക് നിശ്ചയിച്ചിട്ടുള്ള വിഭാഗം തൊഴിലാളികളെ സംബന്ധിച്ച് അവരുടെ ദിവസനിരക്ക്, മാസനിരക്കിനെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതും ദിവസനിരക്ക് നിശ്ചയിച്ചിട്ടുള്ള തൊഴിലാളികളെ സംബന്ധിച്ച് അവരുടെ മാസനിരക്കിന് ദിവസനിരക്കിനെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതുമാണ്.

ഈ വിജ്ഞാപനപ്രകാരം പരിഷ്കരിച്ച ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും സ്ഥാപനത്തിലെ/വ്യവസായത്തിലെ തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന നിരക്കിലുള്ള ആനുകൂല്യങ്ങൾക്ക് അവർ തുടർന്നും അർഹരായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,

*ഗവൺമെന്റ് സെക്രട്ടറി.*

33/922/06

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003 ജനുവരി 3-ാം തീയതിയിലെ 13-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 7/2003 ആയി പ്രസിദ്ധീകരിച്ച, 2002 ഡിസംബർ 13-ാം തീയതിയിലെ ജി. ഒ. (എം.എസ്.) 83/2002/തൊഴിൽ എന്ന നമ്പർ വിജ്ഞാപന പ്രകാരം കേരള സംസ്ഥാനത്തെ റൈസ് മിൽ, ഫ്ളോർ മിൽ, ദാൽ മിൽ എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ നേരത്തെ സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്കുകൾ പുതുക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഇക്കാര്യത്തിലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ടതിനുശേഷവും, ഈ ആവശ്യത്തിലേക്കായി രൂപവത്കരിച്ചിട്ടുള്ള മിനിമം വേതന ഉപദേശക സമിതിയോട് കൂടിയാലോചിച്ചതിനുശേഷവും, പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.